**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 267** **03-08-2021 - ൽ മറുപടിയ്ക്ക്**

**ഉന്നതവിദ്യാഭ്യാസ രംഗത്തെ ഡിജിറ്റൽ സാങ്കേതിക വിദ്യ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ,<br>ശ്രീ പി എസ് സുപാൽ,<br>ശ്രീ. വി. ആർ. സുനിൽകുമാർ,<br>ശ്രീ. പി. ബാലചന്ദ്രൻ | | **Dr. R. Bindu**<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പഠന പ്രക്രിയ ഡിജിറ്റൽ സാങ്കേതിക വിദ്യാധിഷ്ഠിതമായി ക്രമീകരിക്കേണ്ട നിലവിലെ സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്. കോവിഡ് 19 മഹാമാരിമൂലം ഉന്നത വിദ്യാഭ്യാസ രംഗത്ത് സംജാതമായിട്ടുള്ള ആഘാതം നേരിടുന്നതിനും സംസ്ഥാനത്തെ എല്ലാ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ഡിജിറ്റൽ സാങ്കേതിക വിദ്യയുടെ സഹായത്തോടെ ഡിജിറ്റൽ വിദ്യാഭ്യാസം നടപ്പിലാക്കുന്നതിനുമുള്ള പദ്ധതിയാണ് "ലെറ്റ്സ് ഗോ ഡിജിറ്റൽ”. ഈ പദ്ധതി മിഷൻ രീതിയിൽ നടപ്പിലാക്കുന്നതിനും, സംസ്ഥാനതല ഏകോപനം നടത്തുന്നതിനും ഉന്നത വിദ്യാഭ്യാസ മന്ത്രി ചെയർമാനും ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ അഡീഷണൽ ചീഫ് സെക്രട്ടറി കൺവീനറും ഉൾപ്പെട്ട ഒരു "LMS Committee" എന്ന പേരിൽ 19 അംഗ കമ്മിറ്റി 30.07.2021-ലെ സ.ഉ.(സാധാ) നം.983/2021/ഉ.വി.വ നമ്പർ ഉത്തരവ് (അനുബന്ധം) പ്രകാരം രൂപീകരിക്കുകയും പ്രസ്തുത കമ്മിറ്റിയുടെ പ്രഥമ യോഗം 05.08.2021-ന് മുൻപ് ചേർന്ന് ഭാവിപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യണമെന്നും ഉത്തരവായിട്ടുണ്ട്. കേരളത്തിലെ മുഴുവൻ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയും അദ്ധ്യയനം (Teaching), പഠനം (Learning), വിലയിരുത്തൽ (Assessment), പരീക്ഷ (Examination) ഇവയെല്ലാം പൊതുവായ Moodle ലേണിംഗ് മാനേജ്മെൻറ് സിസ്റ്റത്തിൽ കൊണ്ടുവരികയാണ് ഡിജിറ്റൽ എനേബിൾമെൻറ് ഓഫ് ഹയർ എഡ്യുക്കേഷൻ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. LMS നടപ്പിലാക്കുന്നതിന്റെ ഭാഗമായി, സംസ്ഥാനതലത്തിലും ഓരോ വിദ്യാഭ്യാസ സ്ഥാപനതലത്തിലും ആവശ്യമായ ഓൺലൈൻ പഠന സംവിധാനമാണ് ഈ പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നത്. Virtual Machine Docker Containers System (VMDCS) |

| | | | |
|---|---|---|---|
| | | | എന്ന ടെക്നോളജി അടിസ്ഥാനപ്പെടുത്തിയാണ് ഇത് നടപ്പിലാക്കുന്നത്. ഈ മാതൃകയ്ക്ക് പരിമിതമായ മെഷീൻ സംവിധാനം മതിയാകും. സർവ്വകലാശാലകളിലെയും, കോളേജുകളിലെയും എല്ലാ വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും Moodle പോർട്ടൽ ലഭ്യത ഇത് ഉറപ്പാക്കുന്നു. ഡിജിറ്റൽ യൂണിവേഴ്സിറ്റിയുടേയും ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെയും സാങ്കേതിക സൗകര്യങ്ങൾ പ്രയോജന പ്പെടുത്തിയും സ്റ്റേറ്റ് ഡേറ്റാ സെന്ററിന്റെ Cloud Space സംവിധാനം ഉപയോഗപ്പെടുത്തിയും ഓരോ കോളേ ജിനും യൂണിവേഴ്സിറ്റിയ്ക്കും അവരുടെതായ അക്കാദമിക് പ്രവർത്തനങ്ങൾ നടത്തുന്ന തിന് ആവശ്യമായ സംവിധാനം ഒരുക്കാവു ന്നതാണ്. ഇതിനാവശ്യമായ വിഭവങ്ങൾ:-<br>വിദ്യാർത്ഥിതലം - നെറ്റ് വർക്ക് കണക്ടീവിറ്റി, മൊബൈൽ/ലാപ് ടോപ്പ്/ ഡെസ്ക്ടോപ്പ്<br>ഫാക്കൽറ്റിതലം - നെറ്റ് വർക്ക് കണക്ടീവിറ്റി, മൊബൈൽ/ലാപ് ടോപ്പ്/ ഡെസ്ക്ടോപ്പ്<br>ഇൻസ്റ്റിറ്റ്യൂഷൻതലം - നെറ്റ് വർക്ക് കണക്ടീവിറ്റി, മൊബൈൽ/ലാപ് ടോപ്പ്/ ഡെസ്ക്ടോപ്പ് Cloud Level – Centralized Cloud Facility of the State Data Centre (SDC) ഓൺലൈൻ പഠനവുമായി ബന്ധപ്പെട്ട് യൂണിവേഴ്സിറ്റി/കോളേജ് അദ്ധ്യാപകർക്കായി പരിശീലന പരിപാടി ഉന്നത വിദ്യാഭ്യാസ കൗൺസിൽ നടപ്പിലാക്കിവരുന്നു. |
| (ബി) | ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഓൺലൈൻ ക്ലാസ്സ്, പരീക്ഷ എന്നിവ ഉൾപ്പെടെയുള്ള കാര്യങ്ങൾക്കായി ലെറ്റ്സ് ഗോ ഡിജിറ്റൽ പദ്ധതി പരിഗണനയിലുണ്ടോ; വിശദമാക്കാമോ; | (ബി) | ഉണ്ട്. കോവിഡ് 19 മഹാമാരിമൂലം ഉന്നത വിദ്യാഭ്യാസ രംഗത്ത് സംജാതമായിട്ടുള്ള ആഘാതം നേരിടുന്നതിനും സംസ്ഥാനത്തെ എല്ലാ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ഡിജിറ്റൽ സാങ്കേതിക വിദ്യയുടെ സഹായത്തോടെ ഡിജിറ്റൽ വിദ്യാഭ്യാസം നടപ്പിലാക്കുന്നതിനുമുള്ള പദ്ധതിയാണ് "ലെറ്റ്സ് ഗോ ഡിജിറ്റൽ”. ഈ പദ്ധതി മിഷൻ രീതിയിൽ നടപ്പിലാക്കുന്നതിനും, സംസ്ഥാനതല ഏകോപനം നടത്തുന്നതിനും ഉന്നത വിദ്യാഭ്യാസ മന്ത്രി ചെയർമാനും ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ അഡീഷണൽ ചീഫ് സെക്രട്ടറി കൺവീനറും ഉൾപ്പെട്ട ഒരു "LMS Committee" എന്ന പേരിൽ 19 അംഗ കമ്മിറ്റി 30.07.2021-ലെ സ.ഉ.(സാധാ) നം.983/2021/ഉ.വി.വ നമ്പർ ഉത്തരവ് (അനുബന്ധം) പ്രകാരം രൂപീകരിക്കുകയും പ്രസ്തുത കമ്മിറ്റിയുടെ പ്രഥമ യോഗം 05.08.2021-ന് മുൻപ് ചേർന്ന് ഭാവിപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യണമെന്നും ഉത്തരവായിട്ടുണ്ട്. കേരളത്തിലെ മുഴുവൻ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയും അദ്ധ്യയനം (Teaching), പഠനം (Learning), വിലയിരുത്തൽ (Assessment), പരീക്ഷ |

| | | | |
|---|---|---|---|
| | | | (Examination) ഇവയെല്ലാം പൊതുവായ Moodle ലേണിംഗ് മാനേജ്മെൻറ് സിസ്റ്റത്തിൽ കൊണ്ടുവരികയാണ് ഡിജിറ്റൽ എനേബിൾമെൻറ് ഓഫ് ഹയർ എഡ്യുക്കേഷൻ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. LMS നടപ്പിലാക്കുന്നതിന്റെ ഭാഗമായി, സംസ്ഥാനതലത്തിലും ഓരോ വിദ്യാഭ്യാസ സ്ഥാപനതലത്തിലും ആവശ്യമായ ഓൺലൈൻ പഠന സംവിധാനമാണ് ഈ പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നത്. Virtual Machine Docker Containers System (VMDCS) എന്ന ടെക്നോളജി അടിസ്ഥാനപ്പെടുത്തിയാണ് ഇത് നടപ്പിലാക്കുന്നത്. ഈ മാതൃകയ്ക്ക് പരിമിതമായ മെഷീൻ സംവിധാനം മതിയാകും. സർവ്വകലാശാലകളിലെയും, കോളേജുകളിലെയും എല്ലാ വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും Moodle പോർട്ടൽ ലഭ്യത ഇത് ഉറപ്പാക്കുന്നു. ഡിജിറ്റൽ യൂണിവേഴ്സിറ്റിയുടേയും ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെയും സാങ്കേതിക സൗകര്യങ്ങൾ പ്രയോജന പ്പെടുത്തിയും സ്റ്റേറ്റ് ഡേറ്റാ സെന്ററിന്റെ Cloud Space സംവിധാനം ഉപയോഗപ്പെടുത്തിയും ഓരോ കോളേ ജിനും യൂണിവേഴ്സിറ്റിയ്ക്കും അവരുടെതായ അക്കാദമിക് പ്രവർത്തനങ്ങൾ നടത്തുന്ന തിന് ആവശ്യമായ സംവിധാനം ഒരുക്കാവു ന്നതാണ്. ഇതിനാവശ്യമായ വിഭവങ്ങൾ:- വിദ്യാർത്ഥിതലം - നെറ്റ് വർക്ക് കണക്ടീവിറ്റി, മൊബൈൽ/ലാപ് ടോപ്പ്/ ഡെസ്ക്ടോപ്പ് ഫാക്കൽറ്റിതലം - നെറ്റ് വർക്ക് കണക്ടീവിറ്റി, മൊബൈൽ/ലാപ് ടോപ്പ്/ ഡെസ്ക്ടോപ്പ് ഇൻസ്റ്റിറ്റ്യൂഷൻതലം - നെറ്റ് വർക്ക് കണക്ടീവിറ്റി, മൊബൈൽ/ലാപ് ടോപ്പ്/ ഡെസ്ക്ടോപ്പ് Cloud Level – Centralized Cloud Facility of the State Data Centre (SDC) ഓൺലൈൻ പഠനവുമായി ബന്ധപ്പെട്ട് യൂണിവേഴ്സിറ്റി/കോളേജ് അദ്ധ്യാപകർക്കായി പരിശീലന പരിപാടി ഉന്നത വിദ്യാഭ്യാസ കൗൺസിൽ നടപ്പിലാക്കിവരുന്നു. |
| (സി) | പ്രസ്തുത പദ്ധതിക്കായി ഡിജിറ്റൽ സർവ്വകലാശാലയുടെ സഹായത്തോടെ കേന്ദ്രീകൃത ക്ലാസ് സ്പേയ്സ് ഒരുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദീകരിക്കാമോ; | (സി) | "Let’s go digital" പദ്ധതിയ്ക്കായി ഡിജിറ്റൽ സർവകലാശാലയും ഹയർ എഡ്യൂക്കേഷൻ കൗൺസിലും സംയുക്തമായി ഒരു കേന്ദ്രീകൃതമായ ലേണിങ് മാനേജ്മെൻറ് സിസ്റ്റം ഒരുക്കുവാൻ ഉദ്ദേശിക്കുന്നു. അതിൻ പ്രകാരം സ്റ്റേറ്റ് ഡാറ്റാ സെന്ററിൽ ഹോസ്റ്റ് (host) ചെയ്യുന്ന Moodle എന്ന ലേണിങ് മാനേജ്മെൻറ് സിസ്റ്റം കേരളത്തിലെ വിവിധ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കുന്നതാണ്. ഓരോ കോളേജും അവരവരുടെ ആവശ്യ പ്രകാരമുള്ള കോഴ്സുകൾ ഈ കേന്ദ്രീകൃത പശ്ചാത്തല സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ |

| | | | |
|---|---|---|---|
| | | | വികസിപ്പിക്കുന്നതാണ്. ഇതിനായുള്ള അദ്ധ്യാപകരെ തയ്യാറാക്കാൻ വേണ്ടി ട്രെയിനിങ് പ്രോഗ്രാമുകൾ ഹയർ എഡ്യുക്കേഷൻ കൗൺസിൽ നടത്തി വരുന്നുണ്ട്. |
| (ഡി) | പദ്ധതിയുമായി സർവ്വകലാശാല ലൈബ്രറികളെ ബന്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ? | (ഡി) | ഉണ്ട്. സംസ്ഥാനത്തെ സർവ്വകലാ ശാല-കോളേജ് ലൈബ്രറികളെ പരസ്പരം ബന്ധിപ്പിക്കുന്ന ഡിജിറ്റൽ നെറ്റ് വർക്ക് സംവിധാനമായ കാൾനെറ്റി (KALNET) ന് ഉന്നത വിദ്യാഭ്യാസ കൗൺസിൽ വെബ്സൈറ്റിൽ ലഭ്യമാക്കിയിട്ടുണ്ട്. ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലുള്ള ലൈബ്രറികളുടെ നെറ്റ് വർക്കിലൂടെ നമ്മുടെ ലൈബ്രറി കളിലെ വിജ്ഞാന വിഭവങ്ങൾ വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും ഗവേഷകർക്കും മറ്റും കൂടുതൽ ഫലപ്രദമായി ഉപയോഗിക്കാൻ സാധിക്കുന്ന രീതിയിലാണ് Kerala Academic Libraries Network (KALNET) സംവിധാനം ചെയ്തിരിക്കു ന്നത്. കൂടാതെ ജേർണലുകളും ഗവേഷണ പ്രബന്ധങ്ങളും ഈ വിജ്ഞാന വിഭവങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ സർവ്വകലാശാലകളിൽ നിന്നുള്ള പ്രതിനിധികളും സാങ്കേതിക വൈദഗ്ധ്യം നേടിയ ഉദ്യോഗസ്ഥരും ഉൾപ്പെടുന്ന കാൾനെറ്റ് ഗവേണിംഗ് കൗൺസിലും എല്ലാ സർവ്വകലാശാല കളിലെയും ലൈബ്രേറിയൻമാരും/ സാങ്കേതിക വിദഗ്ദ്ധരും ഉൾപ്പെടുന്ന ടെക്നിക്കൽ കമ്മറ്റിയും പ്രസ്തുത പദ്ധതിയുടെ കാര്യക്ഷമമായ പ്രവർത്തനത്തിനായി രൂപീകൃതമായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**കേരള സർക്കാർ**

<u>സംഗ്രഹം</u>

ഉന്നത വിദ്യാഭ്യാസ വകുപ്പ്- കോവിഡ് 19 മഹാമാരി മൂലം ഉന്നത വിദ്യാഭ്യാസ രംഗത്ത് സംജാതമായിട്ടുള്ള ആഘാതം നേരിടുന്നതിനായി ഡിജിറ്റൽ സാങ്കേതിക വിദ്യയുടെ സഹായത്തോടെ "ലെറ്റ്സ് ഗോ ഡിജിറ്റൽ" എന്ന പദ്ധതി മിഷൻ രീതിയിൽ നടപ്പിലാക്കുന്നതിനും സംസ്ഥാനതല ഏകോപനം നടത്തുന്നതിനുമുള്ള കമ്മിറ്റി രൂപീകരിച്ച് ഉത്തരവാകുന്നു.

================================================================================

**ഉന്നത വിദ്യാഭ്യാസ (കെ) വകുപ്പ്**

സ.ഉ.(സാധാ) നം.983/2021 /ഉ.വി.വ. തീയതി, തിരുവനന്തപുരം,30.07.2021

പരാമർശം - ബഹു. ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ 07.07.2021-ന് ചേർന്ന യോഗ തീരുമാനം.

**<u>ഉത്തരവ്</u>**

കോവിഡ്-19 മഹാമാരിമൂലം ഉന്നത വിദ്യാഭ്യാസ രംഗത്ത് സംജാതമായിട്ടുള്ള ആഘാതം നേരിടുന്നതിനും സംസ്ഥാനത്തെ എല്ലാ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ഡിജിറ്റൽ സാങ്കേതിക വിദ്യയുടെ സഹായത്തോടെ ഡിജിറ്റൽ വിദ്യാഭ്യാസം നടപ്പിലാക്കുന്നതിനുമുള്ള പദ്ധതിയാണ് "ലെറ്റ്സ് ഗോ ഡിജിറ്റൽ". ഈ പദ്ധതി മിഷൻ രീതിയിൽ നടപ്പിലാക്കുന്നതിനും, സംസ്ഥാനതല ഏകോപനം നടത്തുന്നതിനും താഴെ പറയും പ്രകാരം ഒരു കമ്മിറ്റി രൂപീകരിച്ച് ഇതിനാൽ ഉത്തരവാകുന്നു.

| | | |
|---|---|---|
| 1. | Dr. R.Bindu, Hon'ble Minister, Higher Education Department | Chairman |
| 2. | Dr. Rajan Gurukal, Vice Chairman, Kerala State Higher Education Council | Vice Chairman |
| 3. | Dr. Saji Gopinath, Vice Chancellor, Digital University. | Vice Chairman |
| 4. | Dr. Venu.V, Additional Chief Secretary, Higher Education Department. | Convenor |
| 5. | Dr. A.Shaji, Consultant, KDISC | Members |
| 6. | Dr. Sadiq.A, Dean, Academic, TKM College of Engineering, Kollam | |
| 7. | Dr. Santhosh.H.K, Associate Professor, SNGS College, Pattambi. | |
| 8. | Dr. Indulal.S, Deputy Director, Directorate of Technical Education | |
| 9. | Dr. Sunil.T.T, Professor, IHRD College of Engineering, Attingal. | |
| 10. | Dr. Jayamohan.J, Principal (I/C), LBS IT for Women, Thiruvananthapuram | |
| 11. | Sri. Vijil Kumar, Head (IT), ASAP | |
| 12. | Dr. G.Santhosh Kumar, CUSAT | |
| 13. | Prof. K.Jayachandran, School of Bioscience, M.G. University. | |
| 14. | Sri. Sunil Kumar.R.K, Department of Computer Science, Kannur University | |

| | | |
|---|---|---|
| 15. | Dr. Aji.S, Associate Professor, Department of Computer Science, Kerala University. | |
| 16. | Dr. Lajeesh, Director of CUCC, Calicut University | |
| 17. | Dr. Saju.P.S, Department of Geography, Sree Sankaracharya University of Sanskrit. | |
| 18. | Dr. Rajeev Mohanan, IQAC Coordinator, Malayalam University. | |
| 19. | Dr. Arunkumar.S, Finance Officer, NUALS | |

മേൽ കമ്മിറ്റിയുടെ ആദ്യയോഗം 05.08.2021-ന് മുൻപ് ചേരേണ്ടതും മിഷന്റെ ഭാവി പ്രവർത്തനങ്ങൾക്ക് താഴെ പറയുന്ന നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി ഒരു മാർഗ്ഗ രേഖ രൂപീകരിച്ച് സർക്കാരിൽ സമർപ്പിക്കേണ്ടതുമാണ്.

1. ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ നേതൃത്വത്തിൽ മൂഡിൽ സോഫ്റ്റ് വെയറിന്റെ പരിഷ്കരിച്ച രൂപം വകുപ്പിന് കീഴിലുള്ള എല്ലാ സ്ഥാപനങ്ങൾക്കും ലഭ്യമാക്കുന്നതിനുള്ള പരിപാടി.
2. അധ്യാപകർ, വിദ്യാർത്ഥികൾ, സ്ഥാപനങ്ങൾ ഇവയുടെ മിഷനിലുള്ള പങ്കാളിത്തം ഉറപ്പാക്കുന്നതിനുള്ള നടപടികൾ.
3. അധ്യാപകർക്കും വിദ്യാർത്ഥികൾക്കും ഉള്ള പരിശീലനം.
4. ഡാറ്റ ഉൾപ്പെടെയുള്ള പശ്ചാത്തലസൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള പദ്ധതി
5. 'ഡിജിറ്റൽ ഡിവൈഡ്' പഠിപ്പിക്കുന്നതിനും പരിഹരിക്കുന്നതിനുമായി "ബ്രിഡ്ജ് ദി ഡിവൈഡ്" എന്ന പദ്ധതി ഫലപ്രദമായി നടപ്പിലാക്കുന്നതിന് കോളേജുതല സമിതികൾ രൂപീകരിക്കുന്നതിനുള്ള നിർദ്ദേശം.
6. കോളേജിലെ ക്ലാസ് മുറികൾ പരമാവധി സ്മാർട്ട് ക്ലാസുകളാക്കുന്നതിനുള്ള പദ്ധതി.
7. വിവിധ വിഷയങ്ങളിലെ ക്ലാസുകൾ ലഭ്യമാക്കുന്നതിന് "ക്ലൗഡ് ക്ലാസ്" റൂമുകൾ സജ്ജമാക്കുന്നതിനുള്ള പദ്ധതി.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം,)

**ഡോ.വേണു.വി, ഐ.എ.എസ്.**

**അഡീഷണൽ ചീഫ് സെക്രട്ടറി**

1. ബന്ധപ്പെട്ട വ്യക്തികൾക്ക്
2. ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
3. ഉന്നത വിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി .എ-യ്ക്ക്
4. www.highereducation.kerala.gov.in (പ്രസിദ്ധീകരണത്തിന്)
5. വെബ് & ന്യൂ മീഡിയ (പ്രസിദ്ധീകരണത്തിന്)
6. കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ